**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1749** 04.12.2018 ൽ മറുപടിയ്ക്ക്

**തിരുവനന്തപുരം കോർപ്പറേഷന്റെ നേതൃത്വത്തിൽ ദുരന്ത നിവാരണ രക്ഷാസേന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. വിൻസെന്റ്** | | **എ.സി.മൊയ്തീൻ**<br>**(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി)** | |
| (എ) | പ്രകൃതി ദുരന്തത്തിൽപ്പെടുന്ന നഗരവാസികൾക്ക് രക്ഷയേകുവാൻ തിരുവനന്തപുരം കോർപ്പറേഷന്റെ നേതൃത്വത്തിൽ ദുരന്തനിവാരണ രക്ഷാസേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | തീരുമാനിച്ചിട്ടുണ്ട് |
| (ബി) | എത്ര വാർഡുകളിലാണ് ദുരന്തനിവാരണ സേന രൂപീകരിക്കുന്നത്; എത്ര പേർക്ക് വീതമാണ് പരിശീലനം നൽകുന്നത്; | (ബി) | 100 വാർഡുകളിലും ദുരന്ത നിവാരണ സേന രൂപീകരിക്കുന്നുണ്ട്.<br>ഒരു വാർഡിൽ 60 പേർ വീതം 100 വാർഡിൽ 6000 വോളന്റിയർമാർക്ക് തിരച്ചിൽ, രക്ഷപ്പെടുത്തൽ, പ്രഥമ ശുശ്രൂഷ, ഷെൽട്ടർ മാനേജ്മെന്റ് എന്നീ മേഖലകളിൽ പരിശീലനം നൽകുന്നു. |
| (സി) | ദുരന്തനിവാരണ സേനയുടെ പ്രവർത്തനം ഏത് വിധത്തിൽ ഏകോപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (സി) | പരിശീലനം ലഭിച്ച വോളന്റിയർമാരെ നഗരസഭയുടെ നഗര ദുരന്ത നിവാരണ സെല്ലുമായി ബന്ധിപ്പിക്കുകയും അടിയന്തിരഘട്ടത്തിൽ മേല്പറഞ്ഞ വോളന്റിയർമാരുടെ സേവനം നഗരസഭയ്ക്ക് ഉറപ്പ് വരുത്തുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | അതിനായുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുന്നത്; വ്യക്തമാക്കുമോ? | (ഡി) | സർക്കാർ ബഡ്ജറ്റിൽ വരുന്ന നഗരസഭയ്ക്കുള്ള വികസന ഫണ്ടിൽ നിന്നുമാണ് ഫണ്ട് കണ്ടെത്തുന്നത് |

സെക്ഷൻ ഓഫീസർ